ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സ്വയമ്പബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകുന്നതുമില്ല.

(സി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും റവന്യൂ ഐ.റ്റി.സെൽ, എൻ.ഐ.സി, അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

എളങ്കുന്നപ്പുഴയിലെ കുടുംബങ്ങൾക്ക് പട്ടയം

164 (1207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് വർഷങ്ങളായി താമസിച്ചുവരുന്ന 27 ഓളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) വേലിയേറ്റ മേഖലയിൽ നിന്നുള്ള നിശ്ചിതദൂര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കാനാവില്ലെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ടി പ്രദേശത്ത് താമസിച്ചു വരുന്നവർക്ക് നിയമാനുസൃതമായി തുടർന്നും താമസിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകണമെങ്കിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ആയത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ ടി സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്ന വിഷയത്തിൽ CESS-ന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി&സി) ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈവാട്ടർ മാർക്കിൽനിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

വെള്ളപ്പൊക്കദുരിതാശ്വാസ ജോലികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനു നടപടി

165 (1208) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കദുരിതാശ്വാസ നിധി (FLOOD RELIEF FUND) വിനിയോഗിച്ച് നിർവ്വഹിക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിർവ്വഹണ ചുമതല മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധി വിനിയോഗിച്ച് നിർവ്വഹിക്കപ്പെടേണ്ടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം നിർവ്വഹിക്കപ്പെടുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അതിനാൽ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

റവന്യൂ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

166 (1209) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;